**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4711** **19-07-2022 - ൽ മറുപടിയ്ക്ക്**

**സാംസ്കാരിക പ്രവർത്തക ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സാംസ്കാരിക പ്രവർത്തക ക്ഷേമനിധി വഴി എത്രപേർക്ക് പെൻഷൻ നൽകുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) | കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ നിന്നും നിലവിൽ 3568 പേർക്ക് പ്രതിമാസം 4000/- രൂപ വീതം പെൻഷൻ നൽകിവരുന്നു. |
| (ബി) | പ്രസ്തുത പെൻഷനുവേണ്ടി ഏതെല്ലാം വിഭാഗത്തിലുള്ള കലാകാരൻമാരെയാണ് തെരഞ്ഞെടുക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗത്വം ലഭിച്ച് അംശാദായം അടച്ച അംഗത്തിന്, 60 വയസ്സ് തികയുന്ന മുറയ്ക്ക് ക്ഷേമനിധി പെൻഷൻ അനുവദിച്ചു വരുന്നു. 18 വയസ്സ് പൂർത്തിയായിട്ടുള്ളവരും, എന്നാൽ 60 വയസ്സ് പൂർത്തിയായിട്ടില്ലാത്തവരുമായ കലാസാംസ്കാരിക, സാഹിത്യ മേഖലയിൽ ഉള്ളവർക്ക് നിശ്ചിത ഫോറത്തിൽ ആവശ്യമായ രേഖകളും നിശ്ചിതഫീസും സഹിതം അപേക്ഷ സമർപ്പിക്കാവുന്നതും ബന്ധപ്പെട്ട അക്കാദമികളിൽ നിന്നോ, സ്ഥാപനങ്ങളിൽ നിന്നോ സംഘടനകളിൽ നിന്നോ അംഗീകാരം കിട്ടുന്ന മുറയ്ക്ക് ക്ഷേമനിധി അംഗത്വം നൽകി വരികയും ചെയ്യുന്നു.<br><br>മെമ്പർഷിപ്പ് ക്യാമ്പയിൻ എല്ലാ ജില്ലകളിലും നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കലാകാരൻമാരുടെ പെൻഷൻ പദ്ധതി കൂടുതൽ ആകർഷകമാക്കുന്നതിനും കൂടുതൽ കലാകാരൻമാർക്ക് പെൻഷൻ നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗത്വം ലഭിച്ച് അംശാദായം അടച്ച അംഗത്തിന്, 60 വയസ്സ് തികയുന്ന മുറയ്ക്ക് ക്ഷേമനിധി പെൻഷൻ അനുവദിച്ചു വരുന്നു. 18 വയസ്സ് പൂർത്തിയായിട്ടുള്ളവരും, എന്നാൽ 60 വയസ്സ് പൂർത്തിയായിട്ടില്ലാത്തവരുമായ കലാസാംസ്കാരിക, സാഹിത്യ മേഖലയിൽ ഉള്ളവർക്ക് നിശ്ചിത ഫോറത്തിൽ ആവശ്യമായ രേഖകളും നിശ്ചിതഫീസും സഹിതം അപേക്ഷ സമർപ്പിക്കാവുന്നതും ബന്ധപ്പെട്ട അക്കാദമികളിൽ നിന്നോ, സ്ഥാപനങ്ങളിൽ നിന്നോ സംഘടനകളിൽ |

| | | | |
|---|---|---|---|
| | | | നിന്നോ അംഗീകാരം കിട്ടുന്ന മുറയ്ക്ക് ക്ഷേമനിധി അംഗത്വം നൽകി വരികയും ചെയ്യുന്നു.<br><br>മെമ്പർഷിപ്പ് ക്യാമ്പയിൻ എല്ലാ ജില്ലകളിലും നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ